പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6418 — 31.10.2011 ൽ മറുപടിക്ക്

നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീ. കെ. ദാസൻ :

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

(എ) 2001 മുതൽ 2006 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) 2006 മേയ് മാസം മുതൽ 2011 മാർച്ച് വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ;

(എ) & (ബി)

സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ പ്രവർത്തന അവലോകനത്തിനായി കണക്കിലെടുത്തവയിൽ 2001-02 സാമ്പത്തിക വർഷം മുതൽ 2005-06 വരെയും 2006-07 സാമ്പത്തിക വർഷം മുതൽ 2010-2011 വരെയുള്ള കാലയളവിലും നഷ്ടത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Year | No.of loss making units | Total no.of units considered for Review |
|---|---|---|
| 2001-02 | 33 | 45 |
| 2002-03 | 34 | 45 |
| 2003-04 | 30 | 45 |
| 2004-05 | 34 | 45 |
| 2005-06 | 33 | 44 |
| 2006-07 | 23 | 44 |
| 2007-08 | 18 | 42 |
| 2008-09 | 17 | 41 |
| 2009-10 | 7 | 37 |
| 2010-11 | 7 | 36 |

(സി) നഷ്ടത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാകുന്ന കാര്യത്തിൽ ഇക്കാലയളവിൽ പുരോഗതിയുണ്ടായിട്ടുണ്ടോ; എങ്കിൽ അത് വിശദമാക്കാമോ?

(സി) മേൽപ്പറഞ്ഞ കണക്കുകൾ അനുസരിച്ച് 2001-02 മുതൽ 2010-11 വരെയുള്ള കാലയളവിൽ നഷ്ടത്തിലുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ട്. എന്നാൽ സഞ്ചിത നഷ്ടം ഇനിയും കുറയേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ